**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 5** **23-08-2022 - ൽ മറുപടിയ്ക്ക്**

**ക്രമസമാധാനപാലനം കാര്യക്ഷമമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്രമസമാധാനപാലനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പോലീസ് സേനയുടെ ആധുനികീകരണത്തിനും വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; | (എ) | പോലീസ് സേനയുടെ ആധുനികവൽക്കരണവും ശാക്തീകരണവും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 149.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രധാന പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>• പുലിക്കീഴ്/പെരുനാട്/മൂഴിയാർ (പത്തനംതിട്ട) വിയ്യപുരം (ആലപ്പുഴ), വാഗമൺ/ മുല്ലപ്പെരിയാർ (ഇടുക്കി)/ പന്തീരങ്കാവ് (കോഴിക്കോട് സിറ്റി), മുഴക്കുന്ന്/മട്ടന്നൂർ/ ആലക്കോട് (കണ്ണൂർ), തങ്കമണി (ഇടുക്കി), എഴുകോൺ (കൊല്ലം റൂറൽ) എന്നീ 12 പോലീസ് സ്റ്റേഷനുകൾക്കും പത്തനംതിട്ട വനിതാ പോലീസ് സ്റ്റേഷനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ പ്ലാൻ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.<br>• പോലിസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്റ്റിന് തുടക്കം കുറിച്ചിട്ടുണ്ട്.<br>• തിരുവനന്തപുരം കേന്ദ്രമാക്കി സൈബർ സെക്യൂരിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>• സൈബർ ക്രൈം അനാലിസിസിലെ പുതിയ പ്രവണതകൾക്ക് അനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സൈബർ ഇടങ്ങളിലെ ക്രിമിനൽ പ്രവണതകൾ |

ഫലപ്രദമായി കൈകാര്യം ചെയ്യുവാനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

- ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, കണ്ണൂർ സിറ്റി എന്നീ ജില്ലാ പോലീസ് ഓഫീസുകൾ.
- തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ, എന്നിവിടങ്ങളിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രങ്ങൾ.
- കൊല്ലം സിറ്റി/ഇടുക്കി/പത്തനംതിട്ട/ തൃശ്ശൂർ സിറ്റി/കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ.
- 2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ മേൽപ്പറമ്പ് (കാസർഗോഡ്)/ കൊട്ടാരക്കര/ചിതറ/ ശൂരനാട് (കൊല്ലം റൂറൽ)/തേഞ്ഞിപ്പലം (മലപ്പുറം)/ കണ്ണവം (കണ്ണൂർ സിറ്റി)/വളയം (കോഴിക്കോട് റൂറൽ)/കരുനാഗപ്പള്ളി (കൊല്ലം സിറ്റി)/പെരുവണ്ണാമൂഴി (കോഴിക്കോട് റൂറൽ)/വാടാനപ്പള്ളി (തൃശ്ശൂർ റൂറൽ) എന്നീ 10 പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡും മലപ്പുറത്തും സൈബർ പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ 590 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പോലീസ് ഉദ്യോഗസ്ഥർക്ക് നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ളപരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽ പരമായകാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദലഘൂകരണം തുടങ്ങിയവ സംബന്ധിച്ച പരിശീലന പരിപാടികൾ ലഭ്യമാക്കി വരുന്നു. ബോഡിവോൺ ക്യാമറകൾ, Vehicle Mount GPS, Digital Finger Print Machine തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തിയും E-Chalan, M-Beat സംവിധാനത്തിലൂടെയും പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആധുനികവത്കരണത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലെയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ് വർക്കി ലൂടെ ബന്ധിപ്പിക്കുന്നതിനായി CCTNS പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം മുഖേന FIR ഓൺലൈൻ വഴി

ലഭ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ എത്താതെ പോലീസ് സേവനങ്ങൾ ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള സിറ്റിസൺ പോർട്ടൽ സംവിധാനമായ “തുണ” സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി, തൃശ്ശൂർ സിറ്റി ഒഴികെയുള്ള എല്ലാ പോലീസ് ജില്ലകളിലും Automated Number Plate Recognition Camera (ANPR)കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഇതിൽ 13 ജില്ലകളിൽ പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുള്ളതുമാണ്.

സംസ്ഥാനത്തെ 6 (കൊല്ലം സിറ്റി, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ) പോലീസ് ജില്ലകളിൽ നിലവിലുണ്ടായിരുന്ന CCTV Surveillance സിസ്റ്റത്തിന് പുറമേ 655.32 ലക്ഷം രൂപ ചെലവിൽ പുതിയ CCTV Surveillance System സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ കണ്ണൂർ സിറ്റി, മലപ്പുറം, തിരുവനന്തപുരം റൂറൽ എന്നീ 3 ജില്ലകളിൽ 200 ലക്ഷം രൂപ ചെലവിൽ പുതിയ CCTV Surveillance System സ്ഥാപിച്ചിട്ടുണ്ട്.

18.71 കോടി രൂപ ചെലവിൽ 12 ജില്ലകളിൽ ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾ സ്ഥാപിച്ച് പ്രവർത്തനസജ്ജമായി വരുന്നു.

സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും 12 വീതം അത്യാധുനിക സി.സി.ടി.വി ക്യാമറകളും അതിന്റെ ജില്ല/സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി Integrated Digital Traffic Enforcement System (IDTES) എന്ന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി Build Operate Own Transfer (BOOT) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള Kerala Anti Narcotic Special Action Force (KANSAF) നുവേണ്ടി 50 Multi Line Screen Test Device (Urine), 7 Multi Line Twist

| | | | |
|---|---|---|---|
| | | | Screen Test Device (Oral Fluid) എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.<br><br>നിലവിൽ കുറ്റവാളികളെയും കുറ്റങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ വ്യത്യസ്തങ്ങളായ നിരവധി സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നുണ്ട്. ഓരോ കുറ്റവാളികളെയും കുറ്റങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ പല സോഫ്റ്റ് വെയറുകളിലായി നിരവധി തവണ രേഖപ്പെടുത്തേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കി പ്രസ്തുത സോഫ്റ്റ് വെയറുകളെ എല്ലാം ഒരു പൊതുവായ സോഫ്റ്റ് വെയറിൻ കീഴിൽ കൊണ്ടുവന്ന് 'One data one entry' എന്ന തത്വം അടിസ്ഥാനമാക്കി Integrated Core Policing System (iCoPS) എന്ന ആപ്ലിക്കേഷൻ പോലീസ് വകുപ്പിലെ വിദഗ്ദ്ധ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തി വികസിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ ജനങ്ങളിൽ ആശങ്ക സൃഷ്ടിക്കുന്ന സാഹചര്യത്തിൽ അവരുടെ വിവരശേഖരണത്തിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്ത് എത്തുന്ന അതിഥി തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് മനസിലാക്കുന്നതിന് Inter-operable Criminal Justice System (ICJS), CCTNS തുടങ്ങിയ സംവിധാനങ്ങളിലൂടെ സാധിക്കുന്നു. സംസ്ഥാനത്ത് എത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം പോലീസ് സ്റ്റേഷനുകൾ മുഖേന നടത്തിയും അത് പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തിയും വരുന്നുണ്ട്. കൂടാതെ തൊഴിലിടങ്ങളിലും മറ്റുമുള്ള അതിഥി തൊഴിലാളികളുടെ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് വിധേയമാക്കി വരുന്നുണ്ട്. അനധികൃതമായി കഴിയുന്നവരെ തിരിച്ചറിയുന്നതിനായി വിവിധ തൊഴിൽ ഉടമകളുടെ കീഴിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ആധാർ ഉൾപ്പെടെയുള്ള വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് Migrant Labours Register ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇ-രേഖ എന്ന ആപ്ളിക്കേഷൻ വഴി ഇവരുടെ വിവര ശേഖരണം യഥാസമയം നടത്തി വരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലും ഇവരെ ജോലിയ്ക്ക് നിയോഗിക്കുന്ന കോൺട്രാക്ടർമാരോടും വീട്ടുടമസ്ഥരോടും പുതുതായി ജോലിയ്ക്കായി എത്തുന്നവരെ നിർബന്ധമായി രജിസ്റ്റർ ചെയ്യിരിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവരെ നിരീക്ഷിക്കുന്നതിന് ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ ബീറ്റ് നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇതര സംസ്ഥാന തൊഴിലാളികളെ തൊഴിലിന് ഏർപ്പാടാക്കുന്ന ഏജൻസികളും വ്യക്തികളും തൊഴിലുടമകളും അവരുടെ ഐഡന്റിറ്റി ഉറപ്പാക്കി അവർ തൊഴിലെടുക്കുന്ന ജില്ലകളിൽ അവരുടെ പേരുവിവരങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്ന കാര്യം പരിഗണിക്കുമോ? | (സി) | 2020 ലോക്ഡൗണിനു ശേഷം സംസ്ഥാനത്ത് ജോലിയ്ക്കായി എത്തുന്ന വിവിധ സംസ്ഥാനങ്ങളിലെ തൊഴിലാളികളെ സംബന്ധിച്ച വിവരശേഖരണത്തിനായി **'അതിഥി പോർട്ടൽ'** കേരള സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടാണ് ''ആവാസ്'' എന്ന ഇൻഷ്വറൻസ് പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുള്ളത്. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ കാര്യക്ഷമമാക്കുന്നതിനായി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് 'ഗസ്റ്റ് ആപ്പ് ''എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ നിയമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനം രജിസ്ട്രേഷൻ ചെയ്യേണ്ടതുണ്ട്. അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കാനോ നിർദ്ദേശിക്കുന്ന ഓരോ കരാറുകാരനും സർക്കാർ നിയമിച്ച നിർദ്ദിഷ്ട അതോറിറ്റിയിൽ നിന്ന് ലൈസൻസ് നേടേണ്ടതുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സംസ്ഥാനത്തുടനീളം ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. മിനിമം വേതന നിയമത്തിന് കീഴിലുള്ള ഇൻസ്പെക്ടർമാർ ഈ മേഖലകളെ പതിവായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.<br><br>സംസ്ഥാനത്ത് താമസിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾ തിരിച്ചറിയൽ കാർഡ്/ ആധാർ കാർഡ് കൈവശം വയ്ക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകൾ തൊഴിലാളികളെ താമസിപ്പിക്കുന്ന കെട്ടിടത്തിന്റെ ഉടമസ്ഥർ വാങ്ങി സൂക്ഷിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതും പ്രസ്തുത തൊഴിലാളികളുടെ തിരിച്ചറിയൽ കാർഡ്/ ആധാർ കാർഡിന്റെ പകർപ്പ് താമസിക്കുന്ന സ്ഥലത്തിന്റെ വിവരം എന്നിവ രേഖപ്പെടുത്തിയ Migrant Labours Register പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ